"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം/സ്ഥലംമാറ്റം/നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.166/2026/TAXES തീയതി,തിരുവനന്തപുരം, 10-02-2026

---

പരാമർശം:-

1. ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീമതി ഇന്ദുജ. ഐ.ജെ.യുടെ 22.01.2026-ലെ സമർപ്പണം
2. 27.01.2026-ലെ TAXES-H1/401/2025-TAXES നമ്പർ പ്രകാരം വിജ്ഞാപനം ചെയ്ത സെലക്ട് ലിസ്റ്റ്
3. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 31.01.2026-ലെ SLTY/360/2026-E2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1),(2),(3) എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ ചുവടെപ്പറയുന്ന സ്ഥാനക്കയറ്റം/സ്ഥലം മാറ്റം/ നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു;

**I.** സീനിയർ മോസ്റ്റ് ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീമതി വി.എസ്.സജിത (പെൻ: 310144)-ന് ₹63,700-₹1,23,700 ശമ്പള സ്കെയിലിൽ ഡെപ്യൂട്ടി ഡയറക്ടറായി സ്ഥാനക്കയറ്റം നല്കി സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ഡെപ്യൂട്ടി ഡയറക്ടർ (സമ്മാന വിഭാഗം) തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിക്കുന്നു.

**II.** ജില്ലാ ഭാഗ്യക്കുറി ഓഫീസർ തസ്തികയിൽ ചുവടെപ്പറയുന്ന സ്ഥലം മാറ്റം/ നിയമനം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ നവീകരണ വിഭാഗം ജില്ലാ ഭാഗ്യക്കുറി ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി രാധിക കൃഷ്ണനെ (പെൻ: 310151) മേൽ ഖണ്ഡിക (I) പ്രകാരം ശ്രീമതി വി.എസ്. സജിതക്ക് സ്ഥാനക്കയറ്റം നല്കുമ്പോൾ ഉണ്ടാകുന്ന ഒഴിവിൽ തിരുവനന്തപുരം ജില്ലാ ഭാഗ്യക്കുറി ഓഫീസറായി നിയമിക്കുന്നു.
2. 31.01.2026-ന് അവധി അവസാനിച്ചതിനെത്തുടർന്ന് സംസ്ഥാന ഭാഗ്യക്കുറി

ഡയറക്ടർ മുമ്പാകെ റിപ്പോർട്ട് ചെയ്ത ജില്ലാ ഭാഗ്യക്കുറി ഓഫീസർ ശ്രീമതി ഇന്ദുജ ഐ.ജെ. (പെൻ:855040)-യെ സേവനത്തിൽ പ്രവേശിപ്പിച്ച്, ശ്രീമതി രാധിക കൃഷ്ണനെ സ്ഥലം മാറ്റുമ്പോൾ ഉണ്ടാകുന്ന ഒഴിവിൽ സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിൽ ജില്ലാ ഭാഗ്യക്കുറി ഓഫീസർ(നവീകരണ വിഭാഗം) തസ്തികയിൽ നിയമിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ K**

ജോയിന്റ് സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ മുഖാന്തരം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
4. നോഡൽ ഓഫീസർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (വകുപിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ (TAXES-H1/30/2026-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 10-02-2026 16:28:22

സെക്ഷൻ ഓഫീസർ